**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 788** **09-08-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന നിയമങ്ങൾ ബാങ്കുകളെ ഏതെല്ലാം രീതിയിൽ ദോഷകരമായി ബാധിക്കുമെന്ന് വിശദമാക്കാമോ; | (എ) | Multi State Co-operative Societies(Amendment)കരട് നിയമത്തിലെ ആറാം ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation of Transfer of Assets and liabilities , or division of Multi State Co-operative Societies എന്നതിൽ ഉപവകുപ്പ് 10 കൂട്ടിചേർത്തുകൊണ്ട് ഏതു സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി ഭേദഗതിലൂടെ ഏതു സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനേയും പൊതുയോഗ തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിചേർക്കുന്നതിന് കഴിയുന്നതാണ്.<br><br>സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള നിയമങ്ങൾ സഹകരണ ബാങ്കുകളെ ബാധിക്കുന്നവയും, സംസ്ഥാന വിഷയമായ സഹകരണവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം സംസ്ഥാനങ്ങളുടെ അധികാരത്തിലേക്കുള്ള കടന്നുകയറ്റവുമാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ നിലവിലെ ഒരു സംഘത്തെ മൾട്ടി സ്റ്റേറ്റ് ആക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം നിയമങ്ങൾ പിൻവലിക്കുന്നതിന് കേന്ദ്രസർക്കാറിൽ സമ്മർദം ചെലുത്തുമോയെന്ന് | (ബി) | Multi State Co-operative Societies(Amendment)കരട് നിയമത്തിലെ ആറാം |

| | | | |
|---|---|---|---|
| | അറിയിക്കാമോ? | | ഖണ്ഡിക പ്രകാരമുള്ള ഭേദഗതിയിലൂടെ വകുപ്പ് 17 Amalgamation of Transfer of Assets and liabilities , or division of Multi State Co-operative Societies എന്നതിൽ ഉപവകുപ്പ് 10 കൂട്ടിചേർത്തുകൊണ്ട് ഏതു സംസ്ഥാന സഹകരണ നിയമപ്രകാരവും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗത്തിൽ പങ്കെടുത്ത് വോട്ട് ചെയ്ത മൂന്നിൽ രണ്ട് ഭൂരിപക്ഷം അംഗങ്ങളുടെ തീരുമാനപ്രകാരം നിലവിൽ സംസ്ഥാന നിയമപ്രകാരം പ്രവർത്തിക്കുന്ന ഒരു സംഘത്തെ ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിചേർക്കുന്നതിന് (Merger) വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി ഭേദഗതിലൂടെ ഏതു സംസ്ഥാന നിയമപ്രകാരവും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഏതൊരു സംഘത്തിനേയും പൊതുയോഗ തീരുമാനപ്രകാരം മറ്റൊരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘത്തിലേക്ക് കൂട്ടിചേർക്കുന്നതിന് കഴിയുന്നതാണ്.<br><br>സഹകരണ ബാങ്കുകളെ നിയന്ത്രിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ള നിയമങ്ങൾ സഹകരണ ബാങ്കുകളെ ബാധിക്കുന്നവയും, സംസ്ഥാന വിഷയമായ സഹകരണവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം സംസ്ഥാനങ്ങളുടെ അധികാരത്തിലേക്കുള്ള കടന്നുകയറ്റവുമാണ്. മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ നിലവിലെ ഒരു സംഘത്തെ മൾട്ടി സ്റ്റേറ്റ് ആക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ